ആറ്റിങ്ങൽ നഗരസഭയിലെ സിഗ്നൽ ലൈറ്റ് സംവിധാനം തകരാറിലായത് സംബന്ധിച്ച്

104 (2203) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നഗരസഭ പ്രദേശത്തെ തകരാറായി കിടന്ന സിഗ്നൽ ലൈറ്റ് സംവിധാനം പുനഃസ്ഥാപിച്ചശേഷം വീണ്ടും തകരാറായി ഗതാഗത കുരുക്ക് രൂക്ഷമായിട്ടും തകരാർ പരിഹരിക്കാൻ ബന്ധപ്പെട്ടവർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ശാശ്വതമായ പരിഹാരം കാണുന്നതിന് നടപടി ഉണ്ടാകുമോ ;

(സി) ഏത് വിഭാഗമാണ് ഇതിന് പരിഹാരം കാണേണ്ടതെന്ന് വിശദമാക്കുമോ ;

(ഡി) സംവിധാനം തകരാറായാൽ പരിഹരിക്കപ്പെടാതിരിക്കുന്നതെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ആറ്റിങ്ങൽ നഗരസഭ പ്രദേശത്ത് സിഗ്നൽ ലൈറ്റ് സംവിധാനം സ്ഥാപിച്ചിരിക്കുന്നതും പരിപാലിക്കുന്നതും മോട്ടോർ വാഹന വകുപ്പല്ല. ആഭ്യന്തര വകുപ്പിൽ നിന്ന് വിവരം ശേഖരിച്ചു നൽകുന്നതാണ്.

സീസൺ ടിക്കറ്റ് സമ്പ്രദായം

105 (2204) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഏതെല്ലാം പ്രദേശങ്ങളിലാണ് സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) സീസൺ ടിക്കറ്റ് സമ്പ്രദായത്തിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) തെക്കൻ ജില്ലകളെ ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യിൽ സീസൺ ടിക്കറ്റ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ്-മംഗലപുരം റൂട്ടിലാണ് നിലവിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി. യുടെ സ്ഥിരം യാത്രക്കാർക്ക് ആകർഷകവും, ആദായകരവുമായ ലക്ഷ്യത്തോടെ 6-3-2010-മുതൽ കാസർഗോഡ് മംഗലപുരം റൂട്ടിൽ പ്രഥമ ഘട്ടമെന്ന നിലയിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിൽ വരുത്തുകയുണ്ടായി. അപ്രകാരം നടപ്പിൽ വരുത്തിയതുമുതൽ 30 ദിവസം

LIBRARY ARCHIVES Kerala Legislative Assembly

തുടർച്ചയായി യാത്രചെയ്യുന്ന യാത്രികന് 25 ദിവസത്തെ യഥാർത്ഥ ടിക്കറ്റിന്റെ തുക ഒടുക്കിയാൽ മതിയാകും എന്നായിരുന്നു വ്യവസ്ഥ. എന്നാൽ പ്രസ്തുത സമ്പ്രദായം യാത്രക്കാർക്ക് പര്യാപ്തമല്ലായെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് 1-7-2010 മുതൽ 20 ദിവസത്തെ യഥാർത്ഥ ടിക്കറ്റ് നിരക്കിൽ ഒരു മാസത്തെ (പരമാവധി 30 ദിവസം) യാത്രയ്ക്കായി പരിഷ്ക്കരിക്കുകയുണ്ടായി. അപ്രകാരം കോർപ്പറേഷന്റെ എല്ലാതരം ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിലും 75 കിലോമീറ്റർ അധികരിക്കാത്ത ദൂരത്തിന് യാത്രചെയ്യാവുന്നതാണ്. പ്രസ്തുത സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോഴും കാസർഗോഡ് മംഗലപുരം റൂട്ടിൽ നടത്തിവരികയാണ്.

(സി) പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ് മംഗലപുരം റൂട്ടിൽ ആരംഭിച്ച സീസൺ ടിക്കറ്റ് സമ്പ്രദായം മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സ്ത്രീ-വികലാംഗരുടെ സീറ്റ് സംവരണം

106 (2205) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീ-വികലാംഗർക്ക് സീറ്റ് സംവരണം ചെയ്തിരിക്കുന്നത് കണ്ടക്ടർ സീറ്റിന് മുമ്പിൽ ജനറൽ സീറ്റുകൾക്കൊപ്പമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വികലാംഗരായ സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾ ഇരിക്കുന്ന ഇരിപ്പിടങ്ങളിൽതന്നെ സീറ്റ് സംവരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. യുടെ എല്ലാവിധ സർവ്വീസുകളിലും വികലാംഗർക്ക് (ഓർഡിനറി, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ എക്സ്പ്രസ് മുതലായവയിൽ) സീറ്റ് സംവരണം നിലവിലുണ്ടോ ; ഇല്ലെങ്കിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും ഓരോ സീറ്റുവീതം സംവരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കണ്ടക്ടർ സീറ്റിന് മുന്നിലായാണ് വികലാംഗർക്ക് സീറ്റ് സംവരണം ചെയ്തിരിക്കുന്നത്. ബസിൽ കയറിയാലുടൻ ഇരിക്കാൻ കഴിയുന്നതിലേയ്ക്ക് വേണ്ടിയാണ് ഈ രീതിയിൽ സീറ്റ് സംവരണം ചെയ്തിരിക്കുന്നത്.

(ബി) സ്ത്രീകൾക്കായും വികലാംഗർക്കായും സംവരണം ചെയ്തിട്ടുള്ള സീറ്റുകളും വികലാംഗരായ സ്ത്രീകൾക്ക് ഉപയോഗിക്കാമെന്നതിനാൽ വികലാംഗരായ സ്ത്രീകൾക്ക് മാത്രമായി സ്ത്രീകൾ ഇരിക്കുന്ന ഇരിപ്പിടങ്ങളിൽ സീറ്റ് സംവരണം ചെയ്യുന്ന കാര്യം പരിഗണിക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly